## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2415 — 05/02/2018-ൽ മറുപടിക്ക്

## സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ

| | ചോദ്യം<br>ശ്രീ.ആന്റണി ജോൺ | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കോതമംഗലം മണ്ഡലത്തിൽ വാരപ്പെട്ടി പഞ്ചായത്തിൽ കെ.എസ്.ഇ.ബി. യുടെ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനു വേണ്ടി വാരപ്പെട്ടി പഞ്ചായത്ത് കമ്മിറ്റി നല്കിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ), (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിക്കുന്നത്. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായ മാനവശേഷി ആവശ്യമായ വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നതിന് നിലവിൽ പ്രായോഗികമല്ല. ഇതിനാൽ തന്നെ കോതമംഗലം മണ്ഡലത്തിൽ വാരപ്പെട്ടി പഞ്ചായത്തിൽ കെ.എസ്. ഇ.ബി. യുടെ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | സ്വന്തമായി കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ ഉണ്ടെങ്കിലും വൈദ്യുതി കണക്ഷനും വൈദ്യുതി ബിൽ അടക്കുന്നതിനും മറ്റ് ഇതര ആവശ്യങ്ങൾക്കും വാരപ്പെട്ടി പഞ്ചായത്തുകാർ മൂവാറ്റുപുഴ, കോതമംഗലം, പോത്താനിക്കാട് സെക്ഷനുകളെയാണ് ആശ്രയിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | ഏഴായിരത്തിലധികം വീടുകളും മറ്റ് സ്ഥാപനങ്ങളുമടക്കം പതിനായിരക്കണക്കിന് ആളുകൾക്ക് പ്രയോജനം ലഭിക്കത്തക്കവിധത്തിൽ വാരപ്പെട്ടി പഞ്ചായത്തിൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ